പുതിയ മുനിസിപ്പാലിറ്റികൾ.

323. [13] ശ്രീ. പി. കെ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ പുതിയതായി മുനിസിപ്പാലിറ്റികൾ അനുവദിക്കണമെന്ന നിവേദനം കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ ഗവണ്മെൻറിന്റെ നയമെന്ത്?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഏതെങ്കിലും ഒരു പ്രത്യേക പ്രദേശത്തെ മുനിസിപ്പാലിറ്റിയായി ഉയർത്തണമെന്ന ഗവണ്മെൻറിനു ബോദ്ധ്യമായാൽ അപ്രകാരം ചെയ്യുന്നതിനു മുനിസിപ്പൽ, പഞ്ചായത്ത് ആക്റ്റുകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പഞ്ചായത്തു ജീവനക്കാരുടെ ശമ്പളം.

324. [14] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിലേയ്ക്ക് അനുവദിച്ചിരിക്കുന്ന ജീവനക്കാരുടെ ശമ്പളം മിനിമം വേജസ്സ് ആക്റ്റിലെ വ്യവസ്ഥ അനുസരിച്ച് ക്രിപ്പടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് എന്നുമുതൽ നടപ്പിൽ വരും?

ഉത്തരം.

(എ) മിനിമം വേജസ് ആക്റ്റിലെ വ്യവസ്ഥ അനുസരിച്ചു പഞ്ചായത്തുകളിൽ മുഴുവൻ സമയവും ജോലി ചെയ്യുന്ന കണ്ടിജൻസി ജീവനക്കാരുടെ ശമ്പളം 1-1-55 മുതൽ ക്രിപ്പടുത്തിയിട്ടുണ്ട്.

(ബി) എ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

മരച്ചീനിവാങ്ങൽ.

325. [15] ശ്രീ. കെ. പി. ഹാർമിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരച്ചീനി കർഷകരിൽനിന്നും മരച്ചീനി വാങ്ങുവാൻ താലൂക്ക് കോട്ടാ നിശ്ചയിച്ചപ്പോൾ കൊച്ചി, കണ്ണൂർ താലൂക്കിനെ ഉൾപ്പെടുത്താതിരിക്കുവാൻ കാരണമെന്ത്;

(ബി) പെരിയാർനദിക്കു വടക്കുഭാഗത്തു കിടക്കുന്ന കൊച്ചി-കണ്ണൂർ താലൂക്കിന്റെ ഒരു വിഭാഗമായ ശ്രീമൂലനഗരം, കാഞ്ഞൂർ, മലയാറ്റൂർ ഈ പഞ്ചായത്തുകളിൽ മരച്ചീനിക്കൃഷി ധാരാളം ഉണ്ടെന്നുള്ള വിവരം ഗവണ്മെൻറിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly